# താടി:
# ഇസ്ലാമിന്റെ ചിഹ്നം!

മുഹമ്മദ് അൽ ജിബാലി

വിവർത്തനം: മുഹമ്മദ് സിയാദ്

**DA'WA BOOKS**
**,P B No:1981, Vyttila, Cochin-19**

**DA'WA BOOKS**

Malayalam | Study | Thadi Islaminte Chihnam
Checked By:Shameer Madeeni
First Edition: January 2008

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publishers.

**Web edition prepared by:**

islamhouse.com

**1431 – 2010**

## പ്രസാധകക്കുറിപ്പ്–

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്. !

ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

താടി വളർത്തുന്നുവാനാണ് പുരുഷൻമാരോടുള്ള മുഹമ്മദ് നബി(ﷺ)യുടെ നിർദേശം. ഈ നിർദേശം പാലിക്കുവാൻ കൂട്ടാക്കാത്തവർ വ്യത്യസ്ത ന്യായങ്ങൾ പറയാറുണ്ട്. വ്യത്യസ്ത ന്യായങ്ങളെ അടിസ്ഥാന പ്രമാണങ്ങളുടെയും പ്രാമാണികരായ പണ്ഡിതൻമാരുടെ അഭിപ്രായങ്ങളുടെയും വെളിച്ചത്തിൽ പഠന വിധേയമാക്കുന്ന കൃതി.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ**

## താളുകളിൽ

പ്രസാധകക്കുറിപ്പ്..........................................02

**അദ്ധ്യായം – 1**

നിർവചനം ..........................................5
മത വിധി..........................................5
പണ്ഡിതന്മാരുടെ നിലപാട്..........................................5
ഹനഫികൾ ..........................................6
മാലിക്കികൾ..........................................6
ശാഫിഈൗൾ..........................................7
ഹമ്പലികൾ..........................................7
ആധുനിക പണ്ഡിതൻമാർ..........................................8
താടിയുടെ പരിധി..........................................8

**അദ്ധ്യായം – 2**

താടി വടിക്കുന്നതിലെ തിന്മകൾ..........................................9
അല്ലാഹുവോടുള്ള ധിക്കാരം..........................................9
പ്രവാചകനോടുള്ള ധിക്കാരം..........................................9
പ്രവാചകന്റെ മാർഗദർശനത്തിൽ നിന്നുള്ള വ്യതിചലനം.10
വിശ്വാസികളുടെ പാതയിൽ നിന്നുള്ള വ്യതിയാനം........10
അവിശ്വാസികളെ അനുകരിക്കൽ ..........................................10
അനുമതി കൂടാതെ അല്ലാഹുവിന്റെ
സൃഷ്ടിപ്പിൽ മാറ്റം വരുത്തൽ..........................................11
സ്ത്രീകളെ അനുകരിക്കൽ..........................................12
ഫിത്റത്തിന് എതിരാവൽ..........................................12
ദീനിനെ അവഹേളിക്കൽ..........................................12

**അദ്ധ്യായം – 3**

സംശയങ്ങളും തെറ്റിദ്ധാരണകളും..........................................13
വെറും സുന്നത്ത് മാത്രം ? ..........................................14
പണ്ഡിതന്മാരുടെ ഫത്‌വകൾ? .......................... 14
ചീത്ത മാതൃക..........................................15
യഥാർത്ഥ പണ്ഡിതന്മാരും വ്യാജ പണ്ഡിതന്മാരും .......15
പ്രവാചകൻ(ﷺ) തന്റെ താടി വെട്ടിച്ചുരുക്കിയിരുന്നു? ....16
നാം ആരെ തൃപ്തിപ്പെടുത്തണം? ........................ 16
അലോസരവും ചൊറിച്ചിലും? ,..........................................17
തൊഴിൽ ആവശ്യങ്ങൾ? ..........................................17
ജീവന് ഭീഷണി? ..........................................18
മറ്റു രോമങ്ങൾ ..........................................19
മീശ ..........................................19
മുഖത്തെ രോമം. ..........................................20
തലമുടി .......................................... 20

കക്ഷത്തിലെയും ഗുഹ്യസ്ഥാ
നത്തെയും രോമം.......................................21
ശരീരത്തിലെ മറ്റു രോമങ്ങൾ ........................... 23
ഉപസംഹാരം ..............................................23
അനുബന്ധം...............................................24

**അദ്ധ്യായം – 1**

## നിർവചനം

താടി എന്നതിന്റെ അറബി പദം 'ലിഹ്‌യ' എന്നാണ്. ലഹ്‌യ് ( താടിയെല്ല്), ലഹ്‌യൻ (രണ്ട് താടിയെല്ലുകൾ) എന്നിവയിൽ ഉൽഭ വിച്ചതാണത്. അപ്പോൾ, താടി എന്നതിന്റെ നിർവചനം, കവിൾത്ത ടത്തിലും താടിയെല്ലുകൾക്ക് കീഴെയും വളരുന്ന രോമം എന്നാണ്. (ഫൈറൂസാബാദിയുടെ അൽഖാമൂസുൽ മുഹീത്; ഇബ്നു മൻളൂ റിന്റെ ലിസാനുൽ അറബ്) ചെന്നിയുടെ ഭാഗത്തും കീഴ്ചുണ്ടിന് താഴെയും താടിയെല്ലുകളുടെ ഭാഗത്തും അതിന്ന് കീഴെയും വള രുന്ന രോമങ്ങളും അതിലുൾപ്പെടും.

## മതവിധി

താടി വളർത്തുക എന്നത് അപ്രകാരം ചെയ്യാൻ സാധിക്കുന്ന എല്ലാ പുരുഷൻമാർക്കും വാജിബ് (നിർബന്ധം) ആണ്. നബിചര്യ യിൽ അതിന് വേണ്ടത്ര തെളിവുകളുണ്ട്. കൂടാതെ, മുസ്‌ലിം പണ്ഡിതന്മാരുടെ ഏകോപിച്ച അഭിപ്രായവും അതുതന്നെയാണ്. അവയെല്ലാം താഴെ വരുന്നുണ്ട്.

## പണ്ഡിതന്മാരുടെ നിലപാട്.

നാലു ഇമാമുകൾ ഉൾപ്പെടെയുള്ള സലഫുസ്സ്വാലികളി (സച്ചരി തരായ ആദ്യകാല മുസ്‌ലിംകൾ)ലെ പണ്ഡിതന്മാർ മുഴുവൻ താടി വടിക്കൽ ഹറാം (നിഷിദ്ധം) ആണെന്ന വിഷയത്തിൽ ഏകോപി ച്ചിട്ടുണ്ട്. താടി വടിക്കുന്നത് അനനുവദീയമായ ഒരു അംഗവിഛേദ മായി അവർ കണക്കാക്കിയിരുന്നു. ഉമർ ഇബ്നു അബ്ദിൽ അസീ സിൽ നിന്നും അപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് (ഇബ്നു അസാകിറിന്റെ അത്താരീഖ്) താടി വടിച്ച ഒരു മനുഷ്യനെ സ്ത്രൈണ പ്രകൃതിയുള്ളവനായിട്ടാണ് അവർ കണ്ടിരുന്നത്. അവ രിൽ പലരും അങ്ങനെയുള്ള ഒരുവന്റെ സാക്ഷ്യം സ്വീകരിക്കുക യോ, നമസ്കാരത്തിന് നേതൃത്വം നൽകാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല.

## ഹനഫികൾ

ഹനഫികളുടെ നിലപാട് ഇതാണ്. ഒരു പുരുഷന് തന്റെ താടി വെട്ടുന്നത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ പാശ്ചാത്യരായ ചിലരും സ്ത്രൈണസ്വഭാവമുള്ള പുരുഷന്മാരും ചെയ്യുന്ന രൂപ ത്തിൽ ഒരു കൈപിടിക്കുള്ളിൽ ഒതുങ്ങുന്ന താടി രോമങ്ങൾ വെട്ടി ക്കളുയുന്നതിനെ ആരും അനുവദിക്കുന്നില്ല. ഇനി പൂർണമായും

വടിച്ചു കളയുന്നതാകട്ടെ, ഇന്ത്യൻ ജൂതന്മാരുടെയും പേർഷ്യൻ മജൂസികളുടെയും ചെയ്തിയാണ് (പേർഷ്യൻ മജൂസികൾ – ഒരു പ്രാചീന മതത്തിന്റെ അനുയായികൾ, ഒരു പക്ഷേ സോറോസ്റ്ററിയക്കാരെ പോലെയുള്ളത്). (ധഅദ്ദുർറുൽ മുഖ്താർ)

ഇബ്നു ആബിദീൻ പറഞ്ഞു: ''ഒരു പുരുഷന് താടി വെട്ടുന്നത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു'' (ധറദ്ദുൽ മുഹ്താർ, 2:418).

## മാലിക്കികൾ

മാലിക്കികളുടെ നിലപാട് ഇതാണ്:

താടി വടിക്കുന്നത് നിഷിദ്ധമാണ്. (വ്യക്തമായ) അംഗ ഭംഗം വരുത്തുന്നുണ്ടെങ്കിൽ അത് വെട്ടുന്നതും അപ്രകാരം തന്നെയാണ്. എന്നാൽ, അത് അമിതമായി നീണ്ടുപോകുകയും, അത് വെട്ടുന്നത് മൂലം അംഗഭംഗമായി തോന്നാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അത് വെട്ടിക്കളയാവുന്നതാണ്. പക്ഷെ, അത് അപ്രിയകരവും ഏറ്റവും ഉത്തമമായതിന് എതിരാവുകയും ചെയ്യും (അബുൽ ഹസന്റെ ശർ ഹുർരിസാല, അൽ അദ്‌വി അതിന് നൽകിയ വ്യാഖ്യാന ഗ്രന്ഥം).

അൽഅദ്‌വി പറഞ്ഞു: '' താടിയെല്ലുകൾക്ക് കീഴിലുള്ള എന്തും വടിച്ചു കളയുന്നത് (ഇമാം) മാലിക് വെറുത്തിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് അത് മജൂസികളുടെ പ്രവൃത്തിയാണ് എന്നാണ്. താടി രോമം പറിച്ചു കളയുന്നതും നിഷിദ്ധമാണ്''. (അബുൽ ഹസന്റെ ശർഹുർരിസാലയും അൽ അദ്‌വി അതിന് നൽകിയ വ്യാഖ്യാനവും, 2:411)

ഇബ്നു അബ്ദിൽ ബർറ് പറഞ്ഞു: '' താടി വടിക്കുന്നത് നിഷിദ്ധമാക്കപ്പെട്ടതാണ്. സ്ത്രൈണ പ്രകൃതിയുള്ള പുരുഷൻമാരല്ലാതെ അത് ചെയ്യുകയില്ല'' (അത്തംഹീദ്)

## ശാഫിഈകൾ

ശാഫിഈകളെ സംബന്ധിച്ചിടത്തോളം താടി വടിക്കുന്നത് നിഷിദ്ധമാണെന്ന് ഇമാം ശാഫിഈ തന്നെ സ്പഷ്ടമാക്കിയിട്ടുണ്ട്. മാത്രമല്ല, അഥ്റൂഇ പറഞ്ഞു. (വൈദ്യശാസ്ത്രപരമായ) പ്രശ്നങ്ങളൊന്നുമില്ലെങ്കിലല്ലാതെ, താടി പൂർണമായും വടിക്കുന്നത് നിഷിദ്ധമാണെന്ന നിലപാടാണ് ഏറ്റവും ശരിയായത് (ശർഹുൽ ഉബബ്)

## ഹമ്പലികൾ

താടി വടിക്കൽ നിഷിദ്ധമാണെന്ന വിഷയത്തിൽ ഒരു ഒഴികഴിവുമില്ലാത്ത നിലക്ക് ഹമ്പലികൾ ഏകോപിച്ചിട്ടുണ്ട്. (അൽ ഇൻസാഫ്, ശർഹൽ മുൻതഹ, തുടങ്ങിയവ)

ഇബ്‌നു തൈമിയ്യ പറഞ്ഞു: ''താടി വടിക്കുന്നത് നിഷിദ്ധമാണ്'' (അൽ ഇഖ്തിയാറാത്തുൽ ഇൽമിയ്യ, പേ:60).

അസ്സഫറീനി പറഞ്ഞു: ''താടി വടിക്കൽ നിഷിദ്ധമാണെന്ന വിഷയത്തിൽ നമ്മുടെ മദ്ഹബുകാർ ഏകോപിച്ചിട്ടു ണ്ട്'' (ഗിദാഉൽ അൽബാബ്, പേ1:376).

ഇബ്‌നുഹസം അൽ അൻദലൂസി പറഞ്ഞു: ''താടി വടിക്കുന്നത് ഒരു തരം അംഗവിഛേദമാണെന്നും, അത് നിഷിദ്ധമാണെന്നും പണ്ഡിതന്മാരെല്ലാം ഐക്യകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുണ്ട്.'' (മറാതിബുൽ ഇജ്മാഅ് പേ:157, അൽമുഹല്ല, പേ 2:189).

ശൈഖുൽ ഇസ്‌ലാം ഇബ്‌നുതൈമിയ്യ പറഞ്ഞു: ''പ്രാമാണികമായ ഹദീഥുകളുള്ളത് കാരണം, താടി വടിക്കുന്നത് നിഷിദ്ധമാണ്. അത് ഇതുവരെ ആരും അനുവദിച്ചിട്ടുമില്ല.''

## ആധുനിക പണ്ഡിതൻമാർ

ഇക്കാലഘട്ടത്തിലുള്ള മഹാപണ്ഡിതന്മാരെല്ലാം താടി വടിക്കുന്നതും അത് വെട്ടിച്ചെറുതാക്കുന്നതും നിഷിദ്ധമാണെന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. അവരിൽ പെട്ടവരാണ്– അലി മഹ്ഫൂസ്, മുഹമ്മദ് നാസ്വിറുദ്ദീൻ അൽ അൽബാനി, അബ്ദുൽ അസീസ് ഇബ്‌നുബാസ്, ഖാന്ദലവി, അബൂബക്ർ അൽജസാഇരി, ഇസ്മാഈൽ അൻസാരി തുടങ്ങിയവരും മറ്റും.

## താടിയുടെ പരിധി

താടി പൂർണമായും വെറുതെ വിടാൻ പ്രവാചക കൽപനകളിൽ വ്യക്തമായ സൂചനയുണ്ട്. കൂടാതെ, പ്രവാചകന്മാരും, അനുചരന്മാർക്കും പൂർണവും സമൃദ്ധവുമായ താടിയാണുണ്ടായിരുന്നത്.

പ്രവാചകൻ(ﷺ) തന്റെ താടി വെട്ടിച്ചെറുതാക്കിയതായി സൂചിപ്പിക്കുന്ന ഒരൊറ്റ സ്വഹീഹായ റിപ്പോർട്ടുമില്ല. എന്നാൽ, ധാരാളം സ്വഹാബികളിൽ നിന്നുള്ള പ്രബലമായ റിപ്പോർട്ടുകളുണ്ട്– വിശിഷ്യാ ഇബ്‌നു ഉമർ, അബൂഹുറൈയ്റ, ഇബ്‌നുഅബ്ബാസ്(رضي الله عنهم) തുടങ്ങിയവരിൽ നിന്ന്. ഒരു കൈപിടിക്കപ്പുറത്തുള്ള താടി രോമങ്ങൾ അവർ വെട്ടിക്കളയാറുണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്ന റിപ്പോർട്ടുകൾ അവരിൽ നിന്നും ഉണ്ടായിട്ടുണ്ട്. അത്പോലെ സലഫുകളായ ഇബ്രാഹീം അന്നഖഈ, മാലിക്, അഹ്മദ് പോലെയുള്ളവരിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (അത്തരം സ്വഹീ

ഹായ ധാരാളം റിപ്പോർട്ടുകൾ ശൈഖ് അൽബാനി നി തന്റെ ളഈഫയിൽ (ഹദീഥ് ന:2355 ന് ചുവട്ടിൽ) ശേഖരിച്ചിട്ടുണ്ട്).

അബ്ദുല്ല ഇബ്നു ഉമർ(ﷺ) ഹജ്ജിനും ഉംറക്കും പോയാൽ, തന്റെ താടി ഉള്ളംകൈ കൊണ്ട് ചുരുട്ടിയിടിച്ച് തന്റെ മുഷ്ടിക്ക് പുറത്തുള്ള താടിരോമങ്ങൾ വെട്ടിക്കളയുമായിരുന്നു (ബുഖാരി)

അപ്പോൾ താടിയെ വെറുതെ വിടുക എന്ന പൊതു കൽപനയെ സ്വഹാബികളുടെ ധാരണയെയും ചെയ്തിയെയും കൊണ്ട് പരിമിതപ്പെടുത്തണം. അങ്ങനെ താടിയുടെ നീളം ഒരു പുരുഷന്റെ കൈപിടിയിൽ കവിയരുത്.

**അദ്ധ്യായം – 2**

## താടി വടിക്കുന്നതിലെ തിന്മകൾ

താടി വടിക്കുന്നതിലൂടെ ഇസ്‌ലാമിക നിയമലംഘനങ്ങളുടെ ഒരു പരമ്പര തന്നെ ഉണ്ടായിത്തീരുന്നു. അവയിൽ ചിലത് താഴെ വിവരിക്കുന്നു.

### 1. അല്ലാഹുവോടുള്ള ധിക്കാരം

താടി വടിക്കുന്നത് അല്ലാഹുവോട് കാണിക്കുന്ന ധിക്കാരത്തിന്റെ ഒരു രൂപമാണ്. അല്ലാഹുവിന്റെ ദൂതരുടെ(ﷺ) വാക്കുകളിൽ നിന്നും അതാണ് സ്പഷ്ടമാകുന്നത്.

അബൂഹുറൈറ(ﷺ) നിവേദനം. പേർഷ്യൻ ചക്രവർത്തി കിസ്ര നിയമിച്ച യമനിലെ ഭരണാധികാരി പ്രവാചകന്റെ (ﷺ) യടുക്കലേക്ക് രണ്ട് ദൂതന്മാരെ അയച്ചു. അവർ അവിടുത്തെ (ﷺ) സന്നിധിയിൽ ഹാജരായപ്പോൾ, അവർ താടി വടിക്കുകയും അവരുടെ മീശ വളർത്തുകയും ചെയ്തതായി അവിടുത്തെ ശ്രദ്ധയിൽ പെട്ടു. അവരുടെ വിലക്ഷണമായ രൂപത്തിൽ വെറുപ്പ് തോന്നി, അവിടുന്ന് തന്റെ മുഖം തിരിച്ചു കളഞ്ഞ്കൊണ്ട് പറഞ്ഞു: ‘‘നിങ്ങൾക്ക് നാശം നിങ്ങളോടാരാണ് ഇപ്രകാരം ചെയ്യാൻ കൽപിച്ചത്. അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ്’’ (കിസ്ര).

പ്രവാചകൻ(ﷺ) പറഞ്ഞു: എന്നാൽ മഹാനും പരിശുദ്ധനുമായ എന്റെ രക്ഷിതാവ് എന്നോട് കൽപിച്ചത് താടിയെ വെറുതെ ഉപേക്ഷിക്കാനും മീശ വെട്ടിച്ചെറുതാക്കാനുമാണ്. (ഇബ്നു ജരീറു ത്വബ്‌രി, ഇബ്നു സഅ്ദ്, ഇബ്നു ബിശ്റാൻ എന്നിവർ ശേഖരിച്ചത്. അൽബാനി ഹസൻ ആയി വിധിച്ചു, ഗസ്സാലിയുടെ ഫിഖ്ഹുസ്സീറ, പേ:359).

### 2. പ്രവാചകനോടുള്ള ധിക്കാരം

താടി വടിക്കുന്നത് പ്രവാചകനോടുള്ള ധിക്കാരത്തിന്റെ ഒരു രൂപമാണ്. അവിടുന്ന് നിരവധി ഹദീഥുകളിലൂടെ താടി വളർത്താൻ പുരുഷൻമാരോട് കൽപിച്ചിട്ടുണ്ട്. റസൂൽ(ﷺ) പറഞ്ഞതായി ഇബ്നു ഉമർ(ﷺ) പറഞ്ഞു: മീശ വെട്ടിച്ചുരുക്കുകയും താടിയെ വെറുതെ വിടുകയും ചെയ്യുക (ബുഖാരിയും, മുസ്‌ലിമും മറ്റും)

റസൂലി(ﷺ)നെ അനുസരിക്കുകയെന്നത് അല്ലാഹുവിനെ അനുസരിക്കുന്നതിന് തുല്ല്യമാണ്.

‘‘(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല.’’ (സൂറ: നിസാഅ് : 80)

## 3. പ്രവാചകന്റെ മാർഗദർശനത്തിൽ നിന്നുള്ള വ്യതിചലനം.

തിരുദൂതൻ(ﷺ) മാനവകുലത്തിന് ഏറ്റവും നല്ല മാതൃകാപുരുഷനാണെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ ബാഹ്യരൂപത്തിലും കർമ്മങ്ങളിലും.

അല്ലാഹു പറയുന്നു:

‘‘(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല.’’ (സൂറ: നിസാഅ്:80)

റസൂൽ(ﷺ) പറഞ്ഞതായി ജാബിർ(رضي الله عنه) റിപ്പോർട്ട് ചെയ്യുന്നു: ‘‘നിശ്ചയം ഏറ്റവും നല്ല മാർഗം മുഹമ്മദിന്റെ മാർഗമാണ്’’ (മുസ്ലിം).

പ്രവാചകന(ﷺ)് നീണ്ട താടിയുള്ളതായി ജാബിറുബ്നു സമുറ(رضي الله عنه) റിപ്പോർട്ട് ചെയ്തിട്ടുണ്ട് (മുസ്ലിം).

താടി വടിക്കുന്നത് അവിടുത്തെ രൂപത്തിൽ നിന്നും മാർഗദർശനത്തിൽ നിന്നുമുള്ള വ്യതിയാനമാണെന്ന് വ്യക്തമായി മനസ്സിലാക്കിത്തരുന്നു.

## 4.വിശ്വാസികളുടെ പാതയിൽ നിന്നുള്ള വ്യതിയാനം.

ഒരാൾ വിശ്വാസികളുടെ പാത പിൻപറ്റാൻ പരിശ്രമിക്കുകയും അവരുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യണം. ഇത് നിർബന്ധബാദ്ധ്യതയാണെന്ന് അല്ലാഹു സ്പഷ്ടമാക്കിയിട്ടുണ്ട്.

‘‘തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്തു നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗ്ഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവ

ൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചു വിടുന്നതും, നരകത്തിൽ നാമവനെ കരിക്കുന്നതുമാണ്. അതത്രെ മോശമായ പര്യവസാനം.''(സൂറ: അന്നിസാഅ്:115).

പ്രത്യേക ശ്രദ്ധക്ക്: ഈ വചനത്തിലെ വിശ്വാസികൾ എന്ന വാക്കിന് പ്രഥമവും പ്രധാനവുമായി അർഹതപ്പെട്ടത് സ്വഹാബികളാണ് (പ്രവാചകനുചരന്മാർ(ﷺ).

മുഴുവൻ പ്രവാചകൻമാരും(ﷺ) സ്വഹാബികളും(ﷺ) മഹാൻമാരായ ഉലമാക്കളും ഈ സമുദായത്തിലെ സച്ചരിതരായ സലഫുകളും (ആദ്യകാല മുസ്ലിംകൾ) താടി വളർത്തിയിരുന്നു. അവരിൽ ഏതെങ്കിലും ഒരാളെങ്കിലും താടി വടിച്ചതായി ഒരു റിപ്പോർട്ടുമില്ല. ഉദാഹരണത്തിന്, ഹാറൂൻ (ﷺ) മൂസാ (ﷺ) യെ ഇപ്രകാരം അഭിസംബോധന ചെയ്തതായി അല്ലാഹു നമുക്ക് പറഞ്ഞു തരുന്നു. അദ്ദേഹം (ഹാ റൂൻ) പറഞ്ഞു: ''എന്റെ ഉമ്മയുടെ മകനേ നീ എന്റെ താടിയിലും തലയിലും പിടിക്കാതിരിക്കൂ'' (സൂറ: ത്വാഹാ:94).

കൂടാതെ, സച്ചരിതരായ പിൻഗാമികൾക്കും, അതുപോലെ സ്വഹാബികൾക്കും താബിഉകൾക്കും നീണ്ട താടിയുണ്ടായിരുന്നതായി പ്രബലമായ റിപ്പോർട്ടുകളുണ്ട്. അബൂബക്റി(ﷺ)ന് തിങ്ങിയ താടിയുണ്ടായിരുന്നു (ഖുത്തുൽ ഖുലൂബ് 4:9); ഉമറി(ﷺ)ന് നീണ്ട താടിയുണ്ടായിരുന്നു (അൽഇസ്വാബ 2:511); ഉഥ്മാനി(ﷺ)ന് വലിയ താടിയുണ്ടായിരുന്നു (അൽഇസ്വാബ 2:455); അലി(ﷺ)യുടെ താടി രണ്ട് ചുമലുകൾക്കിടയിൽ വ്യാപിക്കുന്നത്ര വീതിയുള്ളതായിരുന്നു (അത്തബഖാത് 3:25) – ഇബ്നു സഅ്ദ്.

അതിനാൽ താടി വടിക്കുന്നത് വിശ്വാസികളുടെ യാത്രയിൽ നിന്നുള്ള വ്യതിയാനമാണെന്ന് വ്യക്തമായി മനസ്സിലാക്കിത്തരുന്നു.

## 5. അവിശ്വാസികളെ അനുകരിക്കൽ

അവിശ്വാസികളിൽ നിന്നും വ്യതിരിക്തരാകുവാൻ മുസ്ലിംകൾ കൽപിക്കപ്പെട്ടിട്ടുണ്ട്. സൂറത്തു ഫാതിഹയിൽ, അവിശ്വാസികളുടേതല്ലാത്ത പാതയിൽ ചേർക്കാൻ വേണ്ടി പ്രാർത്ഥിക്കാനാണ് നാം കൽപിക്കപ്പെട്ടിട്ടുള്ളത്.

''ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കേണമേ. കോപത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല. പിഴച്ചു പോയവരുടെ മാർഗ്ഗത്തിലുമല്ല.'' (സൂറ: ഫാതിഹ: 6–7).

കൂടാതെ അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റുന്നത് അല്ലാഹു തന്റെ പ്രവാചകന്(ﷺ) വിലക്കി സത്യമാർഗ്ഗത്തിലല്ലാത്ത വരെല്ലാം അജ്ഞരാണുതാനും. അല്ലാഹു പറയുന്നു. ''(ഇസ്‌ലാമിനെ കുറിച്ച്) അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്.'' (സൂറ: അൽജാഥിയ:18).

ഒരു വ്യക്തി ഒരു പ്രത്യേക വിഭാഗത്തെ അനുകരിക്കുകയാണെ ങ്കിൽ, അവൻ അവരിൽ പെട്ടവൻ തന്നെയാണെന്ന് പ്രവാച കൻ(ﷺ) സൂചിപ്പിച്ചിട്ടുണ്ട്. റസൂൽ(ﷺ) പറഞ്ഞതായി ഇബ്നുഉ മർ(ﷺ) റിപ്പോർട്ട് ചെയ്യുന്നു. അന്ത്യസമയത്ത്, (സത്യത്തിന് വേണ്ടി പോരാടുന്നതിനായി) വാളുമായിട്ടാണ് ഞാൻ അയക്കപ്പെ ട്ടത് - പങ്കാളികളൊന്നും, ഇല്ലാത്ത നിലക്ക് അല്ലാഹുവിനെ മാത്രം ആരാധിക്കുന്നത് വരെ. എന്റെ ഉപജീവനം എന്റെ കുന്തത്തിന്റെ തണലിൽ നിശ്ചയിച്ചിരിക്കുന്നു. അവഹേളനവും പരാജയവും എന്റെ കൽപനകളിൽ നിന്നും വ്യതിചലിക്കുന്നവർക്കായി നീക്കി വെച്ചിരിക്കുന്നു. ആരെങ്കിലും ഒരു ജനതയെ അനുസരിച്ചാൽ, അവൻ അവരിൽ പെട്ടവനായി (അബൂദാവൂദും മറ്റും ഉദ്ധരിച്ചു. അൽബാനി ഇത് സ്വഹീഹാണെന്ന് വിധിക്കുകയും ചെയ്തു - ഇർവാഉൽ ഗലീൽ, ന:1269).

അല്ലാഹു ഇസ്‌ലാം മതത്തെ തൃപ്തിപ്പെട്ടു നൽകിയ ഒരു വ്യക്തി, പ്രതിഫലനാളിൽ അമുസ്‌ലിംകളോടൊപ്പം ഉയർത്തെഴു നേൽപിക്കപ്പെടുന്നത് എന്തുമാത്രം ഭീതിജനകമാണ്; അതും അവരെ അനുകരിക്കാനിഷ്ടപ്പെട്ടു എന്ന ഒറ്റക്കാരണത്താൽ.

താടി വളർത്തുന്നത് മറ്റു മതാനുയായികളിൽ നിന്നും വിഭിന്നമാ കുന്നതിന്റെ അടയാളമായി റസൂൽ(ﷺ) അനേകം ഹദീഥുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. അബൂഹുറൈറ (ﷺ) നിവേദനം: റസൂൽ (ﷺ) പറഞ്ഞു: 'മീശ വെട്ടിച്ചുരുക്കുകയും താടി വളർത്തുകയും ചെയ്യു ക. മജൂസികളിൽ നിന്നും നിങ്ങൾ വിഭിന്നരാവുക' (മുസ്‌ലിമും മറ്റും ഉദ്ധരിച്ചത്)

***ശ്രദ്ധക്ക്***: *മജൂസികൾ - പ്രാചീന പേർഷ്യൻ മതാനുയായികൾ*

അബൂഉമാമ(ﷺ) നിവേദനം: റസൂൽ (ﷺ) പറഞ്ഞു: ''മീശ വെട്ടി ച്ചുരുക്കുകയും താടി വെറുതെ വിടുകയും ചെയ്യുക. വേദക്കാരിൽ നിന്നും നിങ്ങൾ വിഭിന്നരാവുക'' (മുസ്‌ലിം).

ഇബ്നു ഉമർ(ﷺ) നിവേദനം: ''റസൂൽ (ﷺ) പറഞ്ഞു: മുശ്‌രിക്കു കളിൽ നിന്നും നിങ്ങൾ വിഭിന്നരാവുക, മീശ വെട്ടിച്ചുരുക്കുകയും താടി നീട്ടുകയും ചെയ്യുക'' (ബുഖാരി, മുസ്‌ലിം).

അതിനാൽ, താടി വടിക്കുന്നത് അവിശ്വാസികളെ അനുസരിക്കലാണ്. അത് വെറുക്കപ്പെടേണ്ട സംഗതിയാണ്. അത് ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങളിൽ പലതുമായും എതിരാകുന്നുണ്ട്. എന്നിട്ടും മുസ്ലിംകളിൽ പലരും അവിശ്വാസികളുടെ ഈ ചെയ്തിയുമായി ഐക്യദാർഢ്യത്തിലാണ്. തീർച്ചയായും, റസൂൽ(ﷺ) ആ യാഥാർത്ഥ്യം പ്രവചിച്ചിട്ടുണ്ട്. അബൂസഈദുൽ ഖുദ്‌രി(رضي الله عنه)നിവേദനം: റസൂൽ(ﷺ)പറഞ്ഞു: നിങ്ങൾക്ക് മുമ്പുള്ള ജനതയെ നിങ്ങൾ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുക തന്നെ ചെയ്യും. അവർ ഒരു ഉടുമ്പിന്റെ മാളത്തിലാണ് പ്രവേശിച്ചതെങ്കിൽ പോലും, നിങ്ങളും അതിൽ പ്രവേശിക്കും.

അവിടുന്ന്(ﷺ) ചോദിക്കപ്പെട്ടു. ജൂതന്മാരെയും കൃസ്ത്യാനികളെയുമാണോ അങ്ങുദ്ദേശിക്കുന്നത്? അവിടുന്ന് (ﷺ) പറഞ്ഞു: അവരല്ലാതെ മറ്റാരാണ്? (ബുഖാരിയും, മുസ്ലിമും മറ്റും ഉദ്ധരിച്ചത്).

## 6. അനുമതി കൂടാതെ അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്തൽ

ഇസ്ലാമിൽ വ്യക്തമായി നിർദ്ദേശിച്ച കാര്യങ്ങളിലല്ലാതെ അല്ലാഹു സൃഷ്ടിച്ച രൂപത്തിൽ വ്യത്യാസം വരുത്തുന്നത് നിഷിദ്ധമാണ്. അനുമതി കൂടാതെ അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ വ്യത്യാസം വരുത്തുകയെന്ന് പറഞ്ഞാൽ, അതിൽ പിശാചിനുള്ള അനുസരണയുൾക്കൊള്ളുന്നുണ്ട്. പിശാച് പറഞ്ഞതായി അല്ലാഹു നമുക്ക് പറഞ്ഞു തരുന്നു.

‘‘അവരെ ഞാൻ വഴിപിഴപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്യും. ഞാനവരോട് കല്പിക്കുമ്പോൾ അല്ലാഹുവിന് പുറമെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നത് ചില പെൺ ദൈവങ്ങളെ മാത്രമാകുന്നു. (വാസ്തവത്തിൽ) ധിക്കാരിയായ പിശാചിനെ മാത്രമാണ് അവർ വിളിച്ച് പ്രാർത്ഥിക്കുന്നത്. അവനെ (പിശാചിനെ) അല്ലാഹു ശപിച്ചിരിക്കുന്നു. അവൻ (അല്ലാഹുവോട്) പറയുകയുണ്ടായി. നിന്റെ ദാസൻ മാരിൽ നിന്ന് ഒരു നിശ്ചിതവിഹിതം (എന്റെതായി) ഞാനുണ്ടാക്കിത്തീർക്കുന്നതാണ്. അവരെ ഞാൻ വഴിപിഴപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്യും. ഞാനവരോട് കൽപിക്കുമ്പോൾ അവർ കാലികളുടെ കാതുകൾ കീറിമുറി ക്കും. ഞാനവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിന്റെ സൃഷ്ടി ( പ്രകൃതി) അലങ്കോലപ്പെടുത്തും. വല്ലവനും അല്ലാഹുവിന് പുറമെ പിശാചിനെ രക്ഷാധികാരിയായി സ്വീകരിക്കുന്ന പക്ഷം തീർച്ചയായും അവൻ പ്രത്യക്ഷമായ നഷ്ടം പറ്റിയവനാകുന്നു.’’ (സൂറ: അന്നിസാഅ്:117 – 119).

അല്ലാഹു മനുഷ്യരെ ആദരിക്കുകയും ഏറ്റവും നല്ല രൂപത്തിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

''തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു'' (സൂറ: തീൻ:4).

അപ്പോൾ അനുമതി കൂടാതെ ഇതിൽ വ്യത്യാസം വരുത്തുന്നത് വലിയ ശിക്ഷാർഹമായ ക്രൂരതയും വ്യതിയാനവുമാണ്.

തങ്ങളുടെ രൂപം ഭംഗിയാക്കുന്നതിന് വേണ്ടി അല്ലാഹു സൃഷ്ടിച്ച രൂപത്തിന് വ്യത്യാസം വരുത്തുന്ന (മുഖത്തുള്ള രോമ ങ്ങൾ പറിച്ച് കൊണ്ടും കൃത്രിമ മുടി വെച്ചു കൊണ്ടും തങ്ങളുടെ പല്ലുകൾ മിനുക്കിയും, ശരീരത്തിൽ പച്ച കുത്തിയും) സ്ത്രീകളെ അല്ലാഹു ശപിച്ചതായി പ്രവാചകൻ(ﷺ) പ്രഖ്യാപിച്ചു.

ഇബ്നു മസ്ഊദ്(﵁) നിവേദനം: റസൂൽ(ﷺ) പറഞ്ഞു: പച്ചകു ത്തുകയോ, പച്ച കുത്താനാവശ്യപ്പെടുകയോ ചെയ്യുക, (മറ്റുള്ള വർക്ക് വേണ്ടി) മുഖത്തെ രോമങ്ങൾ പറിച്ചു കൊടുക്കുകയോ, പറിക്കാനാവശ്യപ്പെടുകയോ ചെയ്യുക, കൃത്രിമ മുടി കൂട്ടിച്ചേർക്കു ക, ഭംഗിക്ക് വേണ്ടി പല്ലുകൾ രാവിവിടവുണ്ടാക്കുക മുതലായ പ്രവൃത്തികൾ മുഖേന അല്ലാഹു നൽകിയ പ്രകൃതി രൂപത്തിന് വ്യത്യാസം വരുത്തുന്ന സ്ത്രീകളെ അല്ലാഹു ശപിച്ചിരിക്കുന്നു (ബുഖാരി, മുസ്ലിം).

ഈ ഹദീഥിൽ ഏടുത്ത് പറഞ്ഞത് സ്ത്രീകളെയാണ്. കാരണം, അവർ പൊതുവേ പുരുഷൻമാരേക്കാൾ കൂടുത ൽ സൗന്ദര്യം വർദ്ധിപ്പിക്കാനാഗ്രഹിക്കുന്നവരാണ്. എന്നാൽ ഈ താക്കീത് ഇരു കൂട്ടർക്കും ബാധനകമാണ്. കാരണം, അല്ലാഹു ശപിക്കാനുള്ള കാരണമായി പറഞ്ഞത് അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ വ്യത്യാസം വരുത്തി എന്നതാണ്.

താടി വടിക്കുന്നത് ഈ താക്കീതിൽ പെടും. എന്തെന്നാൽ, ചില സ്ത്രീകൾ ചെയ്യുന്ന നംസിനേക്കാൾ (മുഖത്തെ രോമം പറിക്കൽ) മോശമാണിത്.

അഥാനവി പറയുന്നു: ''അല്ലാഹു നൽകിയ പ്രകൃതി രൂപത്തിന് വ്യത്യാസം വരുത്തുന്നത് ശാപ ഹേതുവാകും എന്ന കാര്യം സ്ഥിര പ്പെട്ടതാണ്. അല്ലാഹുവിന്റെ റസൂൽ (ﷺ) വിരോധിച്ചതെല്ലാം അല്ലാഹു വിരോധിച്ചത് തന്നെയാണ്'' (ബയാനുൽ ഖുർആൻ).

വലിയുല്ലാഹ് അദ്ദഹ്ലവി പറയുന്നു: ''അത് വെട്ടിച്ചുരുക്കുന്നത് മജൂസികളുടെ പ്രവൃത്തിയാണ്. അതാകട്ടെ, അല്ലാഹു നൽകിയ പ്രകൃതി രൂപത്തിന് വ്യത്യാസം വരുത്തലുമാണ്.'' (ബയാനുൽ ഖുർആൻ)

## 7. സ്ത്രീകളെ അനുകരിക്കൽ

സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിലുള്ള പ്രധാന വ്യതിരിക്തത താടിയാണ്. അത് വടിക്കുമ്പോൾ, ആ വ്യതിരിക്തത നീങ്ങുന്നു. അങ്ങനെ അത് സ്ത്രീകളോട് സാദൃശ്യം വഹിക്കലായി മാറുന്നു. എതിർലിംഗത്തിന്റെ ഏതെങ്കിലും ഒരു പ്രവൃത്തിയെ അനുകരിച്ചാൽ ആ വ്യക്തി അല്ലാഹുവിന്റെയും റസൂലിന്റെയും ശാപത്തിനിരയാകും.

ഇബ്നു അബ്ബാസ്(ﷺ) നിവേദനം: സ്ത്രീകളോട് സാദൃശ്യം വഹിക്കുന്ന പുരുഷൻമാരെയും പുരുഷൻമാരോട് സാദൃശ്യം വഹിക്കുന്ന സ്ത്രീകളെയും റസൂൽ(ﷺ) ശപിച്ചിരിക്കുന്നു (ബുഖാരിയും മറ്റും ഉദ്ധരിച്ചത്). കാൻദലവി പറഞ്ഞു: താടി വടിക്കുന്നതിലൂടെ സ്ത്രീകളെ പൂർണമായി അനുകരിക്കുകയാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകാനിടയില്ല. ഈ വിഷയത്തിലുള്ള അനുകരണം വസ്ത്രധാരണത്തിന്റെ വിഷയത്തിലും മറ്റുമുള്ള അനുകരണത്തേക്കാൾ ശക്തിയേറിയതാണ്. കാരണം ആണും പെണ്ണും തമ്മിലുള്ള പ്രധാന വ്യതിരിക്തത താടിയാണ്. ഇത് എല്ലാവർക്കും ശ്രദ്ധിച്ചാൽ മനസ്സിലാകുന്ന ഒരു കാര്യമാണ്. സ്വയം വഞ്ചിതനായവനും തന്നിഷ്ടങ്ങളെ പിൻപറ്റുന്നവനും അല്ലാഹു നല്ലൊരു പുരുഷന്റെ രൂപം നൽകിയ ശേഷം സ്ത്രൈണ സ്വഭാവം കാണിക്കുന്നവനുമല്ലാതെ ഇത് നിഷേധിക്കുകയില്ല (വുജൂബ് ഇഅ്ഫാഇല്ലിഹ്‌യാ : 31,32).

## 8. ഫിത്‌റത്തിന് എതിരാവൽ

ഒരു കുഞ്ഞ് ജനിക്കുന്നത് ശുദ്ധമായ ഫിത്‌റത്തിലാണെന്ന് പ്രവാചകൻ(ﷺ) സൂചിപ്പിച്ചിട്ടുണ്ട്. ക്രമേണ സ്വേഛയുടെയും പ്രതികൂല സാഹചര്യങ്ങളുടെ സ്വാധീനത്തിന്റെയും ഫലമായി അത് കളങ്കപ്പെടും. അബൂഹുറൈറ(ﷺ)യും, അസ്‌വദ് ഇബ്നു സാരി(ﷺ)യും നിവേദനം. റസൂൽ(ﷺ) പറഞ്ഞു: ശുദ്ധമായ ഫിത്‌റത്തോട്(പ്രകൃതിയോട്) കൂടിയല്ലാതെ ഒരു കുട്ടിയും ജനിക്കുന്നില്ല. പിന്നീട് ആ കുട്ടിയെ ജൂതനോ, കൃസ്ത്യാനിയോ, മജൂസിയോ, വിഗ്രഹാരാധകനോ ആക്കിത്തീർക്കുന്നത് അവന്റെ മാതാപിതാക്കളാണ് (ബുഖാരി, മുസ്‌ലിം).

മാത്രമല്ല, നല്ല ശുദ്ധ പ്രകൃതിയുടെ അടയാളമായി റസൂൽ (ﷺ) പത്ത് സവിശേഷതകൾ പഠിപ്പിച്ചു. അതിൽ രണ്ട് സവിശേഷതകൾ മീശ വെട്ടലും, താടി വളർത്തലുമാണ്.

ആഇശ(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു: ഫിത്‌റത്തിന്റെ പത്ത് സവിശേഷതകളുണ്ട്. മീശ വെട്ടിച്ചെറുതാക്കൽ, താടി നീട്ടൽ, സിവാക്ക്(പല്ല് തേക്കൽ), (മൂക്കിൽ) വെള്ളം കയറ്റി

ചീറ്റൽ, (വായ കൊപ്ലിക്കൽ), നഖം മുറിക്കൽ, വിരലിന്റെ സന്ധികൾ കഴുകി വൃത്തിയാക്കൽ, കക്ഷത്തിലെ രോമം പറിക്കൽ, ഗുഹ്യസ്ഥാനത്തെ രോമം വടിക്കൽ, ഗുഹ്യാവയവങ്ങൾ വെള്ളം കൊണ്ട് കഴുകൽ, (ചേലാകർമ്മം ചെയ്യൽ) (മുസ്‌ലിം, അബൂദാവൂദ്, അഹ്മദ്, ഇബ്നു അബീശൈബ, കൂടാതെ മറ്റുള്ളവരും. ചതുര ബ്രാക്കറ്റിലുള്ള ഭാഗം മുസ്‌ലിമിലുള്ളതല്ല. (സ്വഹീഹുൽ ജാമിഅ് ന: 2222).

ഫിത്റത്തിന് കാലത്തിനനുസരിച്ച് മാറ്റം വരുകയില്ല. അല്ലാഹു പറയുന്നു. ''അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നുവോ, ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല'' (സൂറ: റൂം:30).

അവിശ്വാസികളുടെ കാൽപാടുകൾ പിന്തുടർന്നത് കൊണ്ട് മുസ്‌ലിംകളിൽ പലരുടെയും ഫിത്റത്തിന് മാറ്റം വന്നു. താടി വളർത്തിയ പുരുഷനേക്കാൾ കൂടുതൽ സൗന്ദര്യവും പൗരുഷവും താടി വടിച്ചവനിൽ അവർ കണ്ടെത്തുന്നു. ഇതാകട്ടെ, മുകളിലുദ്ധരിച്ച ഹദീഥിൽ പ്രവാചകൻ പറഞ്ഞതിന് നേരെ വിപരീതമാണ്താനും.

## 9. ദീനിനെ അവഹേളിക്കൽ

വികൃതമായ ഫിത്റത്തോടു കൂടിയുള്ള ആധുനിക മുസ്‌ലിംകൾ അവിശ്വാസികളുടെ പാതയെ അംഗീകരിക്കുക യും അല്ലാഹുവിന്റെ ദൂതരുടെ(ﷺ) മാർഗദർശനത്തെ നിരാകരിക്കുകയും ചെയ്യുന്നു. അവർ താടി പൂർണമായും വടിച്ച് കൊണ്ട് സ്വയം അലംകൃതമാക്കുകയും ചെറിയ ഒരു താടിയെങ്കിലും വെച്ച് കൊണ്ട് പ്രധാന പരിപാടികൾക്കും യോ ഗങ്ങൾക്കും പങ്കെടുക്കാൻ മടിക്കുകയും ചെയ്യുന്നു. വൃത്തിയായി ക്ഷൗരം ചെയ്ത ഒരു പുരുഷന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് അവർ പ്രശംസിക്കും. നന്നായി ക്ഷൗരം ചെയ്തു വന്ന ഒരുവനെ അവർ അഭിനന്ദിക്കുകയും ചെയ്യും. അവർ തങ്ങളുടെ ബന്ധുക്കളോടും മക്കളോടും കീഴുദ്യോഗസ്ഥരോടും താടി വടിക്കാൻ കൽപിക്കും. താടി എന്നത് വൃത്തികേടിന്റെയും അലസതയുടെയും ലക്ഷണമാണെന്ന് അവർ കാരണം പറഞ്ഞു കൊടുക്കും. താടിയെയും അത് വളർത്തുന്നവരെയും അവർ അവഹേളിക്കും.

ഇങ്ങനെ ചെയ്യുന്നതിലൂടെ ഇസ്‌ലാം മതത്തിൽ സ്ഥിരപ്പെട്ട ഒരു കാര്യത്തെയാണ് അവർ അവഹേളിക്കുന്നത്. അത് വലിയൊരു പാപമാണ്. അവർക്ക് അതറിയില്ലെങ്കിൽ തങ്ങളുടെ ദീനിനെക്കുറിച്ച് ഏറ്റവും വലിയ അജ്ഞരാണവർ. ഇനി, അറിഞ്ഞ് കൊണ്ടാണ് അവർ അത് ചെയ്യുന്നതെങ്കിൽ, അവർ വ്യക്തമായ കുഫ്റിൽ (അവിശ്വാസം) അകപ്പെട്ടെന്ന് വരും – അല്ലാഹുവിൽ നാം രക്ഷതേടുന്നു.

**അദ്ധ്യായം – 3**

## സംശയങ്ങളും തെറ്റിദ്ധാരണകളും

നബിചര്യയിൽ വ്യക്തമായ രേഖയും, ഇസ്ലാമിലെ മഹാപണ്ഡി തന്മാരുടെ ഏകോപിച്ച അഭിപ്രായവും ഈ വിഷയത്തിലു ണ്ടായിട്ടും ഇക്കാലഘട്ടത്തിലെ ഭൂരിഭാഗം മുസ്ലിംകളും താടി വളർത്താത്തവരായി നാം കാണുന്നു. ഭൂരിഭാഗം മുസ്ലിംകളും തങ്ങളുടെ ദീനിന്റെ അദ്ധ്യാപനങ്ങൾ പിന്തുടരുന്നില്ല എന്നതിന്റെ സൂചനകളിൽ ഒന്നാണത്. കൂടാതെ തങ്ങൾ താടി വടിക്കുന്നതിനെ ന്യായീകരിക്കുന്നതിനായി അവർ ആശ്രയിക്കുന്ന ധാരാളം സംശ യങ്ങളും തെറ്റിദ്ധാരണകളുമുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് മാത്രം നാം താഴെ എടുത്തു കാട്ടുന്നു.

### വെറും സുന്നത്ത് മാത്രം ?

പക്ഷെ, അത് ഒരു സുന്നത്ത് മാത്രമല്ലേ! എന്ന ഒഴികഴിവ് നാം സാധാരണ കേട്ടുവരാറുള്ളതാണ്. അവർ മനസ്സിലാക്കി യതുപ്രകാരം കൂടിയാൽ അതൊരു ഐഛികമായ സുന്നത്ത് മാത്ര മാണ്. മുൻകഴിഞ്ഞ ചർച്ചയിൽ നിന്നും, അത് വെറും തെറ്റായ ഒരു ധാരണയാണെന്ന് വ്യക്തമാണ്. എന്നാൽ അത് നിർബന്ധിതമായി കൽപിക്കപ്പെട്ട ഒരു സുന്നത്ത്(ചര്യ) ആണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

## പണ്ഡിതന്മാരുടെ ഫത്വകൾ?

### ചീത്ത മാതൃക

ഈ സുന്നത്തിനെ അവഗണിക്കുകയും അതിനെ കൊച്ചാക്കി ക്കൊണ്ട് അടിസ്ഥാനരഹിതമായ ഫത്വകൾ (മതവിധികൾ) നൽകുകയും ചെയ്യുന്ന ആധുനിക പണ്ഡിതന്മാരിലൂടെ ജനങ്ങൾ പലപ്പോഴും വഞ്ചിതരായിട്ടുണ്ട്. അങ്ങ നെ ആ പണ്ഡിതർ മറ്റുള്ള വർക്ക് തെറ്റായ ഒരു മാതൃക പ്രധാനം ചെയ്യുകയും ഈ സുന്ന ത്തിനെ അവഗണിക്കാൻ മറ്റുള്ളവർക്ക് ഇവർ പ്രേരണയാവുകയും ചെയ്യുന്നു. അപ്പോൾ, തീർച്ചയായും ഇത് തങ്ങളുടെ പാപഭാരം വർദ്ധിപ്പിക്കുന്നു. ജരീറുബ്നു അബ്ദില്ല നിവേദനം: റസൂൽ(ﷺ) പറഞ്ഞു: ആരെങ്കിലും ഇസ്ലാമിൽ ഒരു ചര്യ നടപ്പിൽ വരുത്തി യാൽ അവന്ന് അതിന്റെ പ്രതിഫലവും അത് പിന്തുടർന്നവരുടെ പ്രതിഫലവും – അവരുടെ പ്രതിഫലം ഒട്ടും കുറയാതെത്തന്നെ – ലഭിക്കുന്നതാണ്. ആരെങ്കിലും ഇസ്ലാമിൽ ഒരു തിന്മ കൊണ്ടുവ ന്നാൽ അതിന്റെ ഭാരവും അത് പിന്തുടർന്നവരുടെ ഭാരവും അത് പിന്തുടർന്നവന്റെ ഭാരവും – അവന്റെ ഭാരം ഒട്ടും കുറയാതെ

തന്നെ – അവന്ന് ലഭിക്കുന്നതാണ്. (മുസ്‌ലിം അഹ്മദും മറ്റും – അഹ്കാമുൽ ജനാഇസ് 226)

അത്തരം തെറ്റായ ഒരു ഫത്‌വ ഖറദാവി കൊടുത്തിരിക്കുന്നു. സലഫുകളിൽ നിന്നാരും തന്നെ താടി വടിച്ചതായി റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടില്ല എന്നത് സത്യം തന്നെയാണ്. എന്നാൽ, അത് ഒരു പക്ഷെ അവർക്ക് അതിന്റെ ആവശ്യമില്ലാത്തതുകൊണ്ടും അവരുടെ ആചാരം അത് (താടി വളർത്തുക എന്നത്) ആയതുകൊണ്ടുമാ കാം. (അൽ ഹലാലു വൽ ഹറാമു ഫിൽ ഇസ്‌ലാം)

മുൻകഴിഞ്ഞ ചർച്ചയിൽ നിന്നും ഇത് ഒരു മുടന്തൻ ന്യായമാ ണെന്ന് വ്യക്തമാണ്. പ്രത്യേകിച്ച് താടി വളർത്തുന്നത് ആചാര മാണ് എന്നതിനേക്കാളുപരി അത് അല്ലാഹുവിന്റെ കൽപനകളിൽ പെട്ടതാണെന്നതുകൊണ്ട്.

## യഥാർത്ഥ പണ്ഡിതന്മാരും വ്യാജപണ്ഡിതന്മാരും

നേതൃത്വം വഹിക്കാനും ഫത്‌വ പുറപ്പെടുവിക്കാനും അർഹരായ എല്ലാവരും യഥാർത്ഥ പണ്ഡിതന്മാരാകണമെന്നില്ല. യഥാർത്ഥ പണ്ഡിതന്മാരെന്നത്, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും തിരുദൂ തരുടെ(ﷺ) ചര്യയിൽ നിന്നുമുള്ള വ്യക്തമായ തെളിവുകളുപയോ ഗിച്ച് ഫത്‌വ നൽകുന്നവരാണ്. കാലം മുന്നോട്ട് ചെല്ലുന്തോറും യഥാർത്ഥ പണ്ഡിതന്മാർ കുറഞ്ഞു കുറഞ്ഞു വരും. എന്നാൽ ഇതൊന്നും വ്യാജപണ്ഡിതന്മാരിലേക്ക് തിരിയാനുള്ള ന്യായീകര ണമല്ല.

അബ്ദുല്ലാഹിബ്നു അംറ് നിവേദനം: ''റസൂൽ(ﷺ) പറഞ്ഞു: അല്ലാഹു ജനങ്ങളുടെ ഹൃദയങ്ങളിൽ നിന്നും ഒറ്റയടിക്ക് വിജ്ഞാനം ഊരിയെടുക്കുകയില്ല. മറിച്ച്, ഉലമാക്കളുടെ (യ ഥാർത്ഥ പണിതന്മാരുടെ) ജീവൻ എടുത്ത് കൊണ്ടാണ് വിജ്ഞാ നത്തെ എടുക്കുക. ഉലമാക്കളാരും ബാക്കിയാകാതെ വരുമ്പോൾ, ജനങ്ങൾ അജ്ഞരായ ആളുകളെ മാർഗദർശകരായി നിശ്ചയി ക്കും. അവരോട് ചോദിക്കപ്പെട്ടാൽ, അറിവൊന്നും കൂടാതെ അവർ ഫത്‌വ കൊടുക്കും. അങ്ങനെ അവർ (സ്വയം) വഴികേടിലാകുക യും (മറ്റുള്ളവരെ) വഴികേടിലാക്കുകയും ചെയ്യും (ബുഖാരി, മുസ്‌ലിം).

## പ്രവാചകൻ(ﷺ) തന്റെ താടി വെട്ടിച്ചുരുക്കിയിരുന്നു?

പ്രവാചകൻ(ﷺ) തന്റെ താടി വെട്ടിച്ചെറുതാക്കിയിരുന്നു എന്നത് തങ്ങളുടെ താടി വടിക്കുന്നതിനുള്ള ന്യായീകരണമായി ചിലർ പറ യാറുണ്ട്. ഇതിന്, അവർ സാധാരണ എടുത്ത് പറയാറുള്ളത് തിർ മിദിയിൽ അംറുബ്നു ശുഐബ് തന്റെ പിതാവിൽ നിന്നും, അദ്ദേഹം തന്റെ പിതാമഹനിൽ (ഇബ്നുഉമർ) നിന്നുമായി ഉദ്ധരിച്ച

ഒരു റിപ്പോർട്ടാണ്. പ്രവാചകൻ (ﷺ) തന്റെ താടി നീളത്തിലും വീതിയിലും വെട്ടിയൊതുക്കുമായിരുന്നു.

എന്നാൽ ഈ റിപ്പോർട്ട് വളരെയധികം ദുർബ്ബലമാണ്. അതു കൊണ്ട് തന്നെ ഇത് തെളിവിന് പറ്റുകയില്ല. (നനവി ശർഹുൽ മുഹദ്ദബിൽ 1:321 വ്യക്തമാക്കിയതാണ് ഇത്).

ഇനി ഇത് ദുർബ്ബലമല്ലെങ്കിൽ തന്നെ, ഈ റിപ്പോർട്ട് താടി വെട്ടി ച്ചെറുതാക്കാനുള്ള തെളിവ് മാത്രമേ ആകുന്നുള്ളൂ. ഒരിക്കലും വടി ക്കാനുള്ള തെളിവാകു ന്നില്ല.

## നാം ആരെ തൃപ്തിപ്പെടുത്തണം?

താടി വടിക്കുന്നത് ന്യായീകരിക്കുന്നതിന് വേണ്ടി, ചിലർ പറ യുന്ന ഒഴികഴിവ് തങ്ങളുടെ ഭാര്യമാർക്ക് താടിയില്ലാതിരിക്കുന്ന താണ് കൂടുതൽ ഇഷ്ടം എന്നാണ്! അവൻ അല്ലാഹുവിനെ ഭയപ്പെ ട്ടുകൊള്ളട്ടെ. ഈ ജീവിതത്തിൽ നമ്മുടെ ബാധ്യത അല്ലാഹുവി ന്റെയും തിരുദൂതരുടെയും വ്യക്തമായ കൽപനകൾ അനുസരി ക്കുക എന്നുള്ളതാണ്. അല്ലാതെ, ഭാര്യയുടെയോ മാതാപിതാക്കളു ടെയോ സുഹൃത്തുകളുടെയോ മറ്റോ വികൃതമായ ആഭിമുഖ്യ ങ്ങളെ പിൻ പറ്റാനല്ല.

അലി(رضي الله عنه) നിവേദനം: റസൂൽ(ﷺ) പറഞ്ഞു: അല്ലാഹുവോടുള്ള അനുസരണക്കേട് ഉൾക്കൊള്ളുന്നുണ്ടെങ്കിൽ ആ വിഷയത്തിൽ ഒരു മനുഷ്യനെയും അനുസരിക്കേണ്ടതില്ല. അനുസരണം നല്ല കാര്യങ്ങളിൽ മാത്രമായിരിക്കണം. (ബു ഖാരി, മുസ്‌ലിം. ഇതേ രൂപത്തിലുള്ള ഹദീഥ് അഹ്മദും മറ്റും ഇംറാനുബ്നു ഹുസൈ നിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്. അത് പ്രബലമാണെന്ന് അൽബാനി വിധിച്ചിട്ടുണ്ട്, അസ്സ്വഹീഹ ന:179,180).

## അലോസരവും ചൊറിച്ചിലും?

താടി വളർത്തുന്നത് കാരണം കലശലായ ചൊറിച്ചിലും അലോ സരവും ഉണ്ടാക്കുന്നതായി ചിലർ വാദിക്കാറുണ്ട്. ശുദ്ധമായ ഫിത്റത്തിലൂടെ നീങ്ങി എന്ന കാരണത്താൽ ഇതൊരിക്കലും സംഭവിക്കുകയില്ല. എന്നാൽ സുന്നത്ത് നിർദ്ദേശിക്കുന്നതനുസ രിച്ച് നല്ല നിലക്ക് വൃത്തിയാക്കുന്ന വിഷയത്തിലും വുളു ചെയ്യു മ്പോൾ കഴുകുന്ന വിഷയത്തിലും അശ്രദ്ധ കാണിക്കുന്നത് കൊണ്ടാണ് അത് സംഭവിക്കുന്നത്.

ഇനി, ന്യായവും അസാധാരണവുമായ വല്ല പ്രശ്നവുമുണ്ടെ ങ്കിൽ തന്റെ താടി പരമാവധി നിലനിർത്താൻ സഹായിക്കുന്ന രീതി യിൽ തന്റെ പ്രശ്നത്തിന് പരിഹാരം കാണാനുള്ള മാർഗം നിർദ്ദേ

ശിച്ചു തരുമെന്നുറപ്പുള്ള ഒരു നല്ല മുസ്‌ലിം ഡോക്ടറെ അവൻ കാണണം.

## തൊഴിൽ ആവശ്യങ്ങൾ?

താടി വടിക്കുവാൻ തങ്ങളുടെ തൊഴിൽ ആവശ്യപ്പെടുന്നുണ്ടെന്നും, അങ്ങനെ ചെയ്തില്ലെങ്കിൽ തങ്ങൾക്ക് ആ തൊഴിൽ നഷ്ടപ്പെടുമെന്നും ചിലർ പറയാറുണ്ട്. പല നിലക്കും ഇത് സത്യമല്ല. ഒരാൾ താടി മതപരമായി ആവശ്യമാണെന്നതിന് തെളിവ് നൽകുകയാണെങ്കിൽ, തൊഴിലുടമക്ക് അയാളോടത് വടിച്ചു കളയാൻ നിർബന്ധിക്കാൻ സാ ധിക്കുകയില്ല.

ഇനി താടി വളർത്തിയാൽ തന്റെ തൊഴിൽ നഷ്ടപ്പെടുമെന്ന് തോന്നിയാൽ അവന്റെ തന്റെ സാഹചര്യം വെച്ച് അളന്ന് നോക്കി ഏത് തെരഞ്ഞെടുത്താലാണ് തനിക്ക് കൂടുതൽ ദോഷമുണ്ടാവുക – താടി വടിച്ചാലാണോ അതോ അടിമയാക്കി വെക്കുന്ന ആ തൊഴിൽ നഷ്ടപ്പെട്ടാലാണോ– എന്ന് പരിശോധിക്കുക. അതിന്റെയടിസ്ഥാനത്തിൽ പണ്ഡിതന്മാരുമായി ചർച്ച ചെയ്ത ശേഷം അല്ലാഹുവിന് ഏറ്റവും തൃപ്തികരമാകുന്ന ഒരു നടപടി കൈകൊള്ളുക.

## ജീവന് ഭീഷണി?

ചില രാജ്യങ്ങളിൽ താടി വളർത്തുന്നത് മൂലം തങ്ങളുടെ ജീവൻ അപകടത്തിലാവുകയും തങ്ങളുടെ സ്വന്തത്തി നും സ്വത്തുക്കൾക്കും ദീനിന് തന്നെയും ആപത്ത് സംഭവിക്കുകയും ചെയ്യുമെന്ന് ചിലർ വാദക്കാറുണ്ട്. ഇത് സത്യമാണെങ്കിൽ മുമ്പ് കഴിഞ്ഞ ഭാഗത്ത് പറഞ്ഞത് അതിജാഗ്രതയോടെയും യുക്തിപൂർവവുമായ രൂപത്തിൽ അത്കൈകാര്യം ചെയ്യേണ്ടതാണ്.

എന്നാൽ ഭീരുത്വപരമായ ഒരു നിലപാട് സ്വീകരിച്ച് മുഖത്ത് അൽപം രോമം വളരാൻ തുടങ്ങുമ്പോഴേക്കും എല്ലാ തിന്മകളുടെ ശക്തികളും തനിക്കെതിരെ ഒരുമിച്ച് കൂടും എന്ന് ഭയപ്പെടരുത്.

**അദ്ധ്യായം 4**

## മറ്റു രോമങ്ങൾ

### മീശ

അദ്ധ്യായം 3-ൽ ഉദ്ധരിച്ച ഹദീസിൽ പുരുഷൻമാരോട് മീശ വെട്ടിച്ചെറുതാക്കാനുള്ള കൽപനയുൾക്കൊള്ളുന്നുണ്ട്. അത് ഫിത്റത്തിന്റെ സവിശേഷതയായി എണ്ണുകയും ചെയ്തിട്ടുണ്ട്.

മീശ വെട്ടുന്നത് മേൽച്ചുണ്ടിന് സമമായിക്കൊണ്ടായിരിക്കണം. അഞ്ചു സ്വഹാബികളിൽ നിന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (ത്വബ്റാനിയും ബൈഹഖിയും മറ്റും ഉദ്ധരിച്ചത്. അൽബാനി ഇത് ഹസൻ ആണെന്ന് വിധിച്ചു, ആദാബുസ്സിഫാഫ് പേ:209).

മീശ വെട്ടിച്ചുരുക്കുന്നത് നാൽപത് ദിവസത്തിലൊരിക്കലെങ്കിലും ചെയ്യേണ്ടതാണ്. താഴെ വരുന്ന അനസി(ﷺ)ന്റെ ഹദീഥിൽ അത് വ്യക്തമാക്കിയിട്ടുണ്ട്.

മീശ പൂർണമായും വടിക്കുന്നത് ബിദ്അത്താണ്. ഇമാം മാലിക് പറഞ്ഞു. ഇത് ജനങ്ങൾക്കിടയിൽ പ്രചരിച്ചിട്ടുള്ള ഒരു ബിദ്അത്താണ്.....മീശ പൂർണമായും വടിക്കുന്ന ഒരാളെ അടിക്കണമെന്നാണ് എന്റെ അഭിപ്രായം. (ബൈഹഖി (1:151) അൽബാനി ഇത് പ്രബലമാണെന്ന് വിധിച്ചു (ആദാ ബുസ്സിഫാഫ് പേ: 209).

മാലിക്കിന് വലിയ മീശയുണ്ടായിരുന്നു. അതേക്കുറിച്ച് ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞത് ഉമർ(ﷺ) ദേഷ്യം വരുമ്പോൾ തന്റെ മീശ ചുരുട്ടി ഊതും എന്നാണ്. (ത്വബറാനി അൽ-കബീറിൽ. അൽബാനി പ്രബലമെന്ന് വിധിച്ചു. (ആദാബുസ്സിഫാഫ് പേ:209).

### മുഖത്തെ രോമം.

മീശയല്ലാത്ത, മുഖത്തുള്ള മറ്റു രോമങ്ങൾ പറിക്കുകയോ വടിക്കുകയോ ചെയ്യുന്നത് നിഷിദ്ധമാണ്. മുഖത്തെ രോമം പറിക്കുന്നവരെ അല്ലാഹു ശപിച്ചതായി റസൂൽ(ﷺ) പറഞ്ഞത് നാം നേരത്തെ ഉദ്ധരിച്ചിരുന്നു.

ഇബ്നു മസ്ഊദ്(ﷺ) നിവേദനം: മുഖത്തെ രോമങ്ങൾ (മറ്റുള്ള വർക്ക്) പറിച്ച് കൊടുക്കുകയും പറിക്കാനാവശ്യപ്പെടുകയും.......... ചെയ്യുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു.(ബുഖാരി, മുസ്ലിം).

## തലമുടി

പ്രവാചകന്റെ(ﷺ) തലമുടിയുടെ വിഷയത്തിൽ പ്രത്യേക സവി ശേഷതകളൊന്നുമില്ല. ചിലപ്പോൾ അദ്ദേഹം അത് ചെവികൾക്കും ചുമലുകൾക്കുമിടയിൽ എത്തുന്നത് വരെ നീട്ടും (മുസ്ലിം, അബൂ ദാവൂദ്, കൂടാതെ മറ്റുള്ളവരും ആഇശ (ﷺ) യിൽ നിന്നും അനസ്ബ്നു മാലികി(ﷺ)ൽ നിന്നും ഉദ്ധരിച്ചത്). ചിലപ്പോൾ (ഉംറ യുടെ വേളയിൽ) പൂർണമായും വടിച്ചു കളയും. അവിടുന്ന് മക്ക യിൽ പ്രവേശിച്ചപ്പോൾ മുടി നാലായി പിരിച്ചു കെട്ടിയിരുന്നു. (അ ബൂദാവൂദ്, ഇബ്നുമാജ, കൂടാതെ മറ്റുള്ളവരും ഉമ്മുഹാനിഅ് ബിൻത് ത്വാലിബിൽ നിന്നും ഉദ്ധരിച്ചത്. അൽബാനി ഇത് പ്രബല മെന്ന് വിധി ച്ചു. (മുഖ്തസ്വർ അശ്ശമാഇൽ പേ:35).

അപ്പോൾ, തലമുടിയുടെ വിഷയത്തിൽ പ്രത്യേക നിയന്ത്രണങ്ങ ളൊന്നുമില്ല – താഴെ വരുന്നവയൊഴികെ –

1) സ്ത്രീകളുടെ തലമുടി പൂർണമായും വടിക്കുകയോ പുരു ഷൻമാരോട് സാദൃശ്യപ്പെടുന്ന രൂപത്തിൽ തീരെ വെട്ടിച്ചെറുതാ ക്കുകയോ ചെയ്യരുത്.

2) സ്ത്രീയുടെയോ പുരുഷന്റെയോ മുടി അവിശ്വാസികളു ടേതും പാപികളുടെതും അതേപോലുള്ളവരുടെതുമായി സാദൃശ്യ പ്പെടുന്ന രൂപത്തിൽ വെട്ടാൻ പാടില്ല.

## കക്ഷത്തിലെയും ഗുഹ്യസ്ഥാനത്തെയും രോമം.

കക്ഷത്തിലെയും ഗുഹ്യസ്ഥാനത്തെയും രോമം കളയുന്നത് ഫിത്റത്തിന്റെ സവിശേഷതകളിൽ പെട്ടതാണ്. അതും നാൽപത് ദിവസത്തിൽ ഒരിക്കലെങ്കിലും ചെയ്യണം. അനസ്(ﷺ) നിവേദനം. മീശ വെട്ടുന്നതിനും നഖം മുറിക്കുന്നതിനും കക്ഷത്തിലെ രോമം പറിക്കുന്നതിനും ഗുഹ്യ സ്ഥാനത്തെ രോമം ക്ഷൗരം ചെയ്യുന്ന തിനും റസൂൽ(ﷺ) നമുക്ക് സമയം നിശ്ചയിച്ചു. അത് നാൽപത് രാവുകളിലധികം നീളരുത് (മുസ്ലിമും, അഹ്മദും മറ്റും).

മുടി കളയുന്നത് അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്ത ലായി കണക്കാക്കുകയില്ല. കാരണം, അത് അല്ലാ ഹു തന്നെ ചെയ്യാൻ കൽപിച്ചതാണ്.

### ശരീരത്തിലെ മറ്റു രോമങ്ങൾ

മേൽ പറഞ്ഞതിൽ നിന്നും മനുഷ്യരോമം മൂന്ന് തരത്തിലുണ്ടെന്ന് വ്യക്തമാകുന്നു. ക്ഷൗരം ചെയ്യൽ നിർബന്ധമായവ (ഉദാ: ഗുഹ്യസ്ഥാനത്തിലെ രോമം), നിഷിദ്ധമായവ (ഉദാ: മുഖത്തെ രോമം), ഐഛികമായവ (ഉദാ: തലമുടി). ശരീരത്തിലെ മറ്റു രോമങ്ങളെപ്പറ്റി ഹദീഥുകളിലൊന്നും പരാമർശിച്ചിട്ടില്ല. അവയെ ഇപ്രകാരം കണക്കാക്കാം. അത് സൗകര്യാർത്ഥം ക്ഷൗരം ചെയ്യാം. എന്നാൽ പുരുഷൻമാർ സ്ത്രീകളുമായി സാദൃശ്യരാകുന്നത് പോലുള്ള അതിക്രമങ്ങളിലേക്ക് നയിക്കുകയില്ലെന്ന് ഉറപ്പ് വരുത്തണമെന്ന് മാത്രം.

## ഉപസംഹാരം

ഈ അദ്ധ്യായത്തിൽ പരാമർശിച്ച ചില കാര്യങ്ങൾ പണ്ഡിതന്മാർക്കിടയിൽ തർക്കവിഷയമാണ്. സുന്നത്തുമായി ഏറ്റവും അടുത്ത് നിൽക്കുന്നതായി തോന്നുന്ന അഭിപ്രായം ഉദ്ധരിക്കാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

അല്ലാഹുവിന്റെ ദീനിനോട് കൂറ് പുലർത്താനും റസൂലി (ﷺ) ന്റെ സുന്നത്തിൽ അടിയുറച്ച് നിൽക്കാനും അല്ലാഹു അനുഗ്രഹിച്ചവരിൽ ഉൾപ്പെടുത്താനും അവൻ നമ്മെ സഹായിക്കട്ടെ!

## അനുബന്ധം.

താടി വെട്ടുന്നതിന്ക്കുറിച്ച് ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനിയുടെ സിൽസിലത്തുൽ അഹാദീഥുദ്ദഈഫയിൽ നിന്ന്.

അറിയുക! ഇതുപോലെ(ദഈഫയിലെ 2355–ാമത്തെ ഹദീഥാണ് ശൈഖ് പരാമർശിക്കുന്നത്) വാക് രൂപേണയോ മുമ്പ് കഴിഞ്ഞ 288–ാമത്തെ ഹദീഥ് പോലെ കർമരൂപേണയോ താടി വെട്ടുന്നതിനെക്കുറിച്ച് പ്രവാചക(ﷺ)നിൽ നിന്നും പ്രബലമായ ഒരു ഹദീഥും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

അതെ! അത്(താടി വെട്ടുന്നത്) സലഫുകളായ ചിലരിൽ നിന്നും സ്ഥിരപ്പെട്ടിട്ടുണ്ട്. നിങ്ങൾക്ക് വേണ്ടി അത് സംക്ഷിപ്തമായി ഞാൻ ഇവിടെ വിവരിക്കാം.

1) മർവാൻ ഇബ്നു സാലിം അൽ മുഖഫ്ഫഇൽ നിന്നും നിവേദനം: ഇബ്നു ഉമർ തന്റെ താടി കൂട്ടിപ്പിടിച്ച് ഒരു കൈപിടിയിൽ കവിഞ്ഞത് വെട്ടിക്കളയുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഹസൻ ആയ പരമ്പരയോടെ അബൂദാവൂദും മറ്റും റിപ്പോർട്ട് ചെയ്തത്. ഇത്

ഇർവാഉ(920)ലും സ്വഹീഹ് അബൂദാവൂദി(2041)ലും ഞാൻ വിശദീകരിച്ചിട്ടുണ്ട്.

2) നാഫിഇൽ നിന്ന്: അബ്ദുല്ല ഇബ്നു ഉമർ റമളാനിലെ വ്രതാനുഷ്ഠാനം പൂർത്തിയാക്കി ഹജ്ജ് ചെയ്യാനുദ്ദേശിച്ചാൽ ഹജ്ജ് കഴിയുന്നത്വരെ തന്റെ മുടിയോ താടിയോ എടുത്ത് കളയുമായിരുന്നില്ല.

മറ്റൊരുദ്ദരണിയിൽ അബ്ദുല്ല ഇബ്നു ഉമർ ഹജ്ജിനോ ഉംറക്കോ ശേഷം തലമുടി വെട്ടുമ്പോൾ താടിയും മീശയും വെട്ടുമായിരുന്നു. മാലിക് മുവത്വ(1/253)യിൽ.

സ്വഹീഹായ പരമ്പരയോട് കൂടി അത്തറാജുൽ (പേ:11) ൽ ഖല്ലാൽ റിപ്പോർട്ട് ചെയ്യുന്നു. മുജാഹിദ് പറഞ്ഞു: ഇബ്നു ഉമർ നഹ്റിന്റെ ദിവസം തന്റെ താടി കൂട്ടിപ്പിടിച്ച്കൊണ്ട് ക്ഷുരകനോട് പറഞ്ഞു. ഒരു കൈപിടിക്ക് താഴെയുള്ളത് എടുത്ത് കളയുക. ശർഹു അൽമുവത്വയിൽ ബാജീ പറഞ്ഞു. അതിനർത്ഥം തന്റെ തലമുടി വെട്ടുന്നതോടൊപ്പം അതും (താടി) വെട്ടുമായിരുന്നു. മാലിക്(ﷺ) അത് ശുപാർശ ചെയ്തിരുന്നു. കാരണം, അത് വെട്ടുന്നത് കൊണ്ട് സൃഷ്ടിപ്പിന്റെ പ്രകൃതി രൂപത്തിന് വ്യത്യാസം വരുത്തലാകുന്നില്ല.

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.